# <u>ആലപ്പുഴ ജില്ലാ കളക്ടറുടെ നടപടിക്രമം</u>

(ഹാജർ ഃ എ. അലക്സാണ്ടർ, ഐ.എ.എസ്)

**ജി.3/40070/2017** **തിയതി ഃ 23.10.2021**

വിഷയം:- സ്ഥലം ഏറ്റെടുക്കൽ -പടഹാരം പാലം- പ്രാരംഭ വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപത്തിൽ അന്തിമ തീരുമാനം സ്വീകരിച്ച് ഉത്തരവാകുന്നത്- സംബന്ധിച്ച്-

വായന:- 1. ഈ കാര്യാലയത്തിലെ 23.02.2021 -ലെ ജി3-40070/2017 നമ്പർ വിജ്ഞാപനം
2. സ്പെഷ്യൽ തഹസിൽദാർ, എൽ.എ.(ജ) ആലപ്പുഴയുടെ 13.08.2021 -ലെ ബി1-699/18 നമ്പർ റിപ്പോർട്ട്

================================================================================

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ നിർമ്മിക്കുന്ന പടഹാരം പാലം അ.പ്രോച്ച് റോഡ് നിർമ്മാണത്തിനായി തകഴി,നെടുമുടി എന്നീ വില്ലേജുകളിലായി 37.91 ആർസ് ഭൂമി 2013 ലെ LARR ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി വായന (1) പ്രകാരം പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പരാമർശ പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനത്തിന്മേൽ നിയമപരമായ കാലാവധിക്കുള്ളിൽ തൽപര കക്ഷികൾ ആരും തന്നെ യാതൊരു വിധ പരാതികളോ ആക്ഷേപങ്ങളോ ഉന്നയിച്ചിട്ടില്ലാത്തതാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ വായന (1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനത്തിന്മേൽ ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ നിർമ്മിക്കുന്ന പടഹാരം പാലം അ.പ്രോച്ച് റോഡ് നിർമ്മാണത്തിനായി തകഴി,നെടുമുടി എന്നീ വില്ലേജുകളിലായി 37.91 ആർസ് ഭൂമി 2013 ലെ LARR ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടി തുടരുന്നതിന് സ്പെഷ്യൽ തഹസിൽദാർ, എൽ.എ(ജ),ആലപ്പുഴക്ക് അനുവാദം നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-
ജില്ലാ കളക്ടർ

ഉത്തരവിൻപ്രകാരം,

ഡെപ്യൂട്ടി കളക്ടർ(എൽ.എ)

<u>സ്വീകർത്താവ്</u>

1. സ്പെഷ്യൽ തഹസിൽദാർ,എൽ.എ(ജ),ആലപ്പുഴ

<u>പകർപ്പ്</u>

1. എക്സിക്യൂട്ടിവ് എഞ്ചിനിയർ,KRFB-PMU,പഴവീട്,ആലപ്പുഴ 688009,.Email.eealp.pmu@krfb.org
2. സെക്രട്ടറി, നെടുമുടി,തകഴി ഗ്രാമപഞ്ചായത്ത്(അറിവിലേക്കായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, ആലപ്പുഴ (ജില്ലാ കളക്ടറുടെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിന്)